നമ്പർ. സി1/16925/റ്റി.സി/2012.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയതി, 17-08-12

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് — ഫാൻസി നമ്പർ റിസർവേഷൻ - ബോർഡ് പ്രദർശിപ്പിക്കുന്നത് — സംബന്ധിച്ച്

സൂചന :- സർക്കുലർ നമ്പർ 06/2011

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 95(7) ൽ ലേലത്തിൽ വിളിച്ച തുകയും, ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും പരിഗണിച്ചതിന് ശേഷം ഇവ രണ്ടിലും ഏറ്റവും കൂടിയ തുകയ്ക്കാണ് ഫാൻസി നമ്പർ നല്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ നിരവധി പരാതികൾ ഈ ഓഫീസിൽ ലഭിക്കുന്നുണ്ട്. ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുന്നതിനായി ലേലം നടക്കുന്ന സമയത്ത് ലേലം നടക്കുന്ന ഹാളിൽ "ലേലത്തിൽ വിളിച്ചതുകയും, ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയും പരിഗണിച്ചതിന് ശേഷം ഏറ്റവും കൂടിയ തുകയ്ക്ക് മാത്രമേ രജിസ്ട്രേഷൻ മാർക്ക് അനുവദിക്കുകയുള്ളൂ" എന്ന് എഴുതിയ ബോർഡ് ലേലത്തിൽ പങ്കെടുക്കുന്ന എല്ലാവരും കാണത്തക്ക വിധത്തിൽ എഴുതിപ്രദർശിപ്പിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ഈ വിവരം ലേലത്തിനുമുമ്പായി അപേക്ഷകരെ നേരിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി.

അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്
കെ എസ്
18/8/1